(സി) തലസ്ഥാന നഗരിയിൽ തന്നെ കോട്ടയ്ക്കകം, ശ്രീവരാഹം എന്നീ വാർഡുകളിലെ തെരുവുകളിലെ ഡ്രെയിനേജ് റോഡുകളിൽ ചപ്പും ചവറും കുന്നുകൂടി കിടക്കുന്നതു നിമിത്തം കൊതുകുകൾ ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന വിവരം കണക്കിലെടുത്തുകൊണ്ട് അവ ഉടനെ തന്നെ മാറ്റുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇതേ സംബന്ധിച്ച് കോർപ്പറേഷൻ കമ്മീഷണർക്ക് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

ഭ്രാന്താശുപത്രികൾ

925 [1467] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇന്ന് എത്ര ഭ്രാന്താശുപത്രികൾ ഉണ്ട്;

(ബി) അതിൽ എത്ര രോഗികൾ ഉണ്ട്;

(സി) ഭ്രാന്താശുപത്രികളും അവിടത്തെ ചികിൽസാരീതികളും പരിഷ്കരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) അനാഥരായ രോഗികളുടെ രോഗം മാറിയിട്ട് അവരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ട ഒരു സംവിധാനം ഗവൺമെൻറിൽ നിന്ന് ഏർപ്പെടുത്തുമോ?

ഉത്തരം

(എ) മൂന്ന്

(ബി) ഓരോ ആശുപത്രിയിലും ഇപ്പോൾ കിടക്കുന്ന രോഗികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	1127
തൃശ്ശൂർ	360
കോഴിക്കോട്	703

(സി) ഈ കാര്യം ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(ഡി) ഇതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly